Kerala Kaumudi


ഓർമ്മയിലെ മൂന്നു മുഖങ്ങൾ

പ്രമുഖ നാടകകൃത്തും ആകാശവാണി മുൻ സ്റ്റേഷൻ ഡയറക്ടറുമായ കോന്നിയൂർ ആർ. നരേന്ദ്രനാഥിൻെറ മനസ്സിൽ കാലമെത്ര കഴിഞ്ഞിട്ടും ഓർമ്മ മങ്ങാതെ, ദീപ്തമായ ചില മുഖങ്ങൾ. കെ.പി. കേശവ മേനോൻ, മഹാകവി ജി. ശങ്കരക്കുറുപ്പ്, വയലാർ രാമവർമ്മ. ആ സ്മരണകളിലൂടെ സഞ്ചരിക്കുമ്പോൾ പുനർജനിക്കുന്നത് ഒരു പഴയ കാലം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

കോഴിക്കോട് ആകാശവാണിയിൽ ഉദ്യോഗസ്ഥനായിരിക്കുമ്പോഴാണ് എനിക്ക് കെ.പി. കേശവമേനോനുമായി ഇടപഴകാനും സ്നേഹബന്ധം സ്ഥാപിക്കാനും സാധിച്ചത്. സിലോണിലെ (ഇന്നത്തെ ശ്രീലങ്ക) ഹൈക്കമ്മിഷണർ പദത്തിൽ നിന്ന് പിൻവാങ്ങിയശേഷം, ഒരു സായാഹ്നത്തിൽ അദ്ദേഹം കോഴിക്കോട് കടലോരത്തുള്ള ആകാശവാണിയുടെ സങ്കേതത്തിൽ എത്തിയപ്പോഴാണ് ആദ്യമായി പരിചയപ്പെട്ടത്.

വേഷത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിച്ചിരുന്ന അദ്ദേഹം, ഖദറിലുള്ള ഒരു ഷർട്ട് കോട്ടും പാന്റ്സുമാണ് ധരിച്ചിരുന്നത്. ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുന്നതായിരുന്നു ആകാരം. അസാമാന്യ



കെ.പി. കേശവമേനോൻ

ലാളിത്യവും ശുദ്ധിയും സ്ഫുടതയുമുള്ള സംഭാഷണവും എന്നെ അദ്ദേഹത്തിലേക്ക് അടുപ്പിച്ചു. പ്രസംഗരീതിയായിരുന്നു ഏതു വിഷയത്തെ സംബന്ധിച്ച കാര്യത്തിലും അദ്ദേഹത്തിന്റേത്. സ്റ്റുഡിയോയിൽ ഇരുന്ന അദ്ദേഹത്തിന്റെ സന്നിധിയിൽ എത്തിയപ്പോൾ ത്തന്നെ അസാമാന്യ പ്രഭാവമുള്ള ഒരു മനുഷ്യന്റെ മുമ്പിലാണ് എത്തിയതെന്ന് എനിക്കു തോന്നി.

കാഴ്ചശക്തിയില്ലാതിരുന്നതിനാൽ അടുത്തുനില്ക്കുന്ന ആരെങ്കിലും സമയമാകുമ്പോൾ അദ്ദേഹത്തെ സ്പർശിക്കുന്നതിനായിരുന്നു വ്യവസ്ഥ. അപ്പോൾ പ്രസംഗം ആരംഭിക്കും. കൃത്യസമയത്തിനുള്ളിൽ പ്രഭാഷണം അവസാനിപ്പിക്കുന്നതിന് അദ്ദേഹത്തിന് അസാമാന്യമായ കഴിവുണ്ടായിരുന്നു. സ്വാഭാവിക സംഭാഷണത്തിൽ സ്വീകരിച്ചിരുന്ന സരളമായ ശൈലി തന്നെയായിരുന്നു പ്രസംഗത്തിലും. കാഴ്ചയില്ലാതായശേഷമാണ് അദ്ദേഹം തന്റെ പ്രധാനപ്പെട്ട കൃതികളെല്ലാം രചിച്ചത്. അദ്ദേഹം പറഞ്ഞുകൊടുക്കുന്നത് കേട്ടെഴുതിയിരുന്നത് ശ്രീമതി തങ്കമായിരുന്നു. ഭാരതീയ മഹാന്മാരെക്കുറിച്ച് അദ്ദേഹം രചിച്ച പല പുസ്തകങ്ങൾക്കും വേണ്ടുന്ന വസ്തുതകൾ ശേഖരിച്ചുകൊടുക്കാൻ പിൽക്കാലത്ത് എനിക്ക് സാധിച്ചിട്ടുണ്ട്.


കെ.പി. കേശവമേനോനോടൊപ്പം നിരവധി യോഗങ്ങളിൽ സംബന്ധിക്കാൻ എനിക്ക് സാധിച്ചു. ക്ഷണിക്കാനെത്തുന്ന ഭാരവാഹികളോട് വിഭവസമൃദ്ധമായ കാപ്പി സൽക്കാരം ഏർപ്പാടു ചെയ്യണമെന്ന് പറയുവാൻ അദ്ദേഹം മടിച്ചില്ല. വിഭവങ്ങൾ എന്തെല്ലാമായിരിക്കണമെന്നുവരെ നിർദ്ദേശിക്കും. അദ്ദേഹം സംബന്ധിച്ചിരിരുന്ന യോഗങ്ങളുടെ വിവരങ്ങൾ സാധാരണരീതിയിൽ മാത്രമേ റിപ്പോർട്ട് ചെയ്തിരുന്നുള്ളൂ. ഇന്നത്തെ പത്രാധിപന്മാർ പലരും തങ്ങളുടെ പ്രസംഗം മുഴുത്ത അക്ഷരങ്ങളിൽ അച്ചടിച്ചുവിടുന്നതു കാണുമ്പോൾ, അസാമാന്യ പ്രഭാവനായിരുന്ന അദ്ദേഹത്തിന്റെ കാര്യം ഓർമ്മിപ്പിച്ചുപോകാറുണ്ട്.

ജി. ശങ്കരക്കുറുപ്പ്

മഹാകവിയുമായുള്ള എന്റെ സൗഹൃദം ആരംഭിച്ചത് ഒരു തവണ അദ്ദേഹം തിരുവനന്തപുരത്തു വന്നതോടുകൂടിയാണ്. തികച്ചും സ്വകാര്യമായ സന്ദർശനമായിരുന്നു അത്.

ഞാൻ യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിയായിരുന്നു. ചില സുഹൃത്തുക്കളുടെ പ്രേരണയ്ക്കു വിധേയനായി അന്ന് മഹാകവിയോടൊപ്പം ഗ്രൂപ്പ് ഫോട്ടോ എടുത്തു. ആ സംഭവത്തെക്കുറിച്ച് അക്കാലത്ത് സാഹിത്യകാരന്മാരുടെയിടയിൽ 'ഗോസിപ്പ്' പ്രചരിക്കുകയുമുണ്ടായി!

ഇതിനുശേഷം മഹാകവിയുമായുണ്ടായ സമ്പർക്കം എറണാകുളത്തു നടന്ന സാഹിത്യപരിഷത്ത് കാലത്താണ്. സാഹിത്യപരിഷത്തിന്റെ റേഡിയോ റിപ്പോർട്ട് പ്രക്ഷേപണം ചെയ്യാനുള്ള ചുമതല എനിക്കായിരുന്നു. തിരുവനന്തപുരത്തുകാരെക്കുറിച്ച് മഹാകവിക്ക് മുൻവിധികൾ പലതുമുണ്ടായിരുന്നെന്ന് അന്ന് എനിക്കറിയാൻ സാധിച്ചു. പിന്നീട് മഹാകവിയുമായി ബന്ധപ്പെടാനുള്ള സൗകര്യമുണ്ടായത് അദ്ദേഹം തിരുവനന്തപുരം നിലയത്തിൽ 'പ്രൊഡ്യൂസർ' എന്ന നിലയിൽ സേവനം തുടങ്ങിയതോടുകൂടിയാണ്. അക്കാലത്തു തന്നെയാണ് കേശവദേവും സി.ജെ. തോമസും തിരുവനന്തപുരം നിലയത്തിലുണ്ടായിരുന്നത്. സി.ജെ. തോമസിനെയാണ് ശങ്കരക്കുറുപ്പിനെ സഹായിക്കാൻ അസിസ്റ്റന്റ് പ്രൊഡ്യൂസർ ആയി നിയോഗിച്ചിരുന്നത്. അസാമാന്യ പ്രഭാവനായിരുന്ന എം.വി. രാജഗോപാൽ ആയിരുന്നു സ്റ്റേഷൻ ഡയറക്ടർ. അദ്ദേഹം പിൽക്കാലത്ത് ഐ.എ.എസ്. ഓഫീസറായി.



ജി. ശങ്കരക്കുറുപ്പ്

തിരുവനന്തപുരത്തെ പരിപാടികളിൽ സ്ഥായിയായ മാറ്റം വരുത്തുവാനുതകുന്ന അഭിപ്രായങ്ങൾ രേഖാമൂലം നൽകുന്നതിന് മഹാകവിയോട് അഭ്യർത്ഥിച്ചത് അദ്ദേഹത്തിന് ഒട്ടും ഇഷ്ടമായില്ല. ഡയറക്ടറുടെ സന്നിധിയിൽ എത്തുമ്പോൾ കാര്യമായ നിർദ്ദേശങ്ങളെന്തെങ്കിലും സമർപ്പിക്കുന്നതിന് സാധിച്ചിരുന്നില്ല. അതേസമയം ഞങ്ങളുടെ അടുത്തുവരുമ്പോൾ ക്ഷോഭിച്ച്, തിളച്ചു നില്ക്കുവാൻ ഒരു മടിയുമുണ്ടായിരുന്നുമില്ല. സി.ജെ. തോമസ്സും മറ്റും ഈ പെരുമാറ്റത്തോട് ഒട്ടും യോജിപ്പു പ്രകടിപ്പിച്ചില്ലെന്ന കാര്യവും പറയട്ടെ. അവർ തമ്മിൽ ഈ വിഷയത്തെക്കുറിച്ച് വിവാദം പലതും നടത്തിയിട്ടുമുണ്ട്. എങ്കിലും ശാന്തശീലനായിരുന്ന സി.ജെ. തോമസ് അത് കാര്യമാക്കാൻ കൂട്ടാക്കിയില്ലെന്നതിനാൽ കൂടുതൽ വഷളായില്ല. ഏഷണിക്കാരെയും കപടാരാധനക്കാരെയും ഏറെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലായിരുന്നു മഹാകവിയുടെ പെരുമാറ്റം. അധികം താമസിയാതെ കേശവദേവും സി.ജെ. തോമസ്സും സ്ഥാനമൊഴിഞ്ഞു. എങ്കിലും മഹാകവി ശ്വാസംമുട്ടിക്കൊണ്ട് അവിടെ തുടർന്നു.

പിന്നെ എത്രയോ കഴിഞ്ഞാണ് അദ്ദേഹത്തെ 'ഉപദേശകൻ' (അഡ്വൈസർ) ആയും പിന്നീട് രാജ്യസഭയിലെ നാമനിർദ്ദേശം ചെയ്ത അംഗമായും നിയോഗിച്ചത്. ഇതിനു പിറകിലുണ്ടായിരുന്നത് പനമ്പള്ളി ഗോവിന്ദ മേനോൻ ആയിരുന്നു. അദ്ദേഹത്തിന്റെ നിരന്തരമായ പ്രോത്സാഹനമാണ് മഹാകവിയെ മിക്കവാറും എല്ലാ സ്ഥാനങ്ങളിലേക്കും ഉയർത്തിയത്. ഇക്കാര്യം തുറന്നു സമ്മതിക്കുവാൻ മഹാകവി കൂട്ടാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല.

വയലാർ രാമവർമ്മ

ഞാൻ ലാ കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തിരുവനന്തപുരത്തെ കുന്നുകുഴിയിലേക്കു പോകുന്ന വഴിയരികിൽ സ്ഥിതിചെയ്യുന്ന നായർ യൂണിയൻ ഹോസ്റ്റലിലാണ് കുറേക്കാലം താമസിച്ചിരുന്നത്. പിൽക്കാലത്ത് അഭിഭാഷകനായിത്തീർന്ന, ചേർത്തലക്കാരനായ ഒരു ഗോവിന്ദൻ നായരായിരുന്നു വയലാറിനെക്കുറിച്ച് ആദ്യമായി എന്നോട് സൂചിപ്പിച്ചത്. വയലാർ രാമവർമ്മ എന്ന കവി എന്നെ അന്വേഷിച്ചതായിട്ടാണ് ഗോവിന്ദൻ നായർ അന്നു പറഞ്ഞത്. 'മലയാളരാജ്യം' വാരികയിലും മറ്റും ധാരാളമായി എഴുതിക്കൊണ്ടിരുന്ന എന്നെ ഒരു സാഹിത്യകാരനെന്ന നിലയിൽ തിരക്കിയതാണ് വയലാർ എന്ന് ഗോവിന്ദൻ നായർ പറഞ്ഞപ്പോൾ സന്തോഷം തോന്നി.

ഈ സംഭവം കഴിഞ്ഞ് ഏതാണ്ട് പത്തുകൊല്ലം ചെന്നപ്പോൾ ഭക്തിവിലാസത്തിൽ (ആകാശവാണിയിൽ) നടന്ന ഒരു കവിസമ്മേളനത്തിൽ സംബന്ധിക്കുവാൻ വയലാർ എത്തി. അന്ന് അദ്ദേഹവുമൊത്ത് വളരെ നേരം ചെലവഴിച്ചു എന്നും ഓർമ്മിക്കുന്നു. ഈ കാലയളവിൽ കവിയെന്ന നിലയിൽ വയലാർ രാമവർമ്മ പ്രസിദ്ധനായിക്കഴിഞ്ഞിരുന്നു. കൂടാതെ മുണ്ടശ്ശേരി തുടങ്ങിയവരുമായുള്ള സൗഹൃദത്താൽ സാമാന്യത്തിലധികം സ്വാധീനവും വയലാർ നേടിയിരുന്നു.



വയലാർ രാമവർമ്മ അമ്മയോടൊത്ത്

കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയിലെ വിവാദപുരുഷനായ വിദ്യാഭ്യാസമന്ത്രിയും (മുണ്ടശ്ശേരി) താരതമ്യേന ചെറുപ്പക്കാരനായ വയലാറും ഒന്നിച്ചുപോയത് എങ്ങനെയെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അവർക്കു തമ്മിൽ ആകപ്പാടെയുണ്ടായിരുന്ന പൊരുത്തം രണ്ടുപേരും മദ്യപിക്കുമായിരുന്നു എന്നതുമാത്രമാണ്. ഒരുപക്ഷേ, അതാകാം അവരെ പരസ്പരം ബന്ധിപ്പിച്ചത്.

അമ്മയുടെ ചികിത്സയ്ക്കായി വയലാർ തിരുവനന്തപുരത്ത് എത്തിയിട്ടുണ്ടെന്ന്, അന്ന് ആകാശവാണിയിലുണ്ടായിരുന്ന കേശവദേവാണ് എന്നെ അറിയിച്ചത്. അവരെ കാണാൻ ദേവും മറ്റും അങ്ങോട്ടു പോകുമെന്ന് പറഞ്ഞപ്പോൾ ആ അമ്മയെ കാണാൻ എനിക്കും ആഗ്രഹം തോന്നി. മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ആ വീട്ടിൽ ദേവുമൊന്നിച്ച് ഞാനും പോയി. അവിടെവച്ചാണ് വയലാർ രാമവർമ്മയെ അവസാനമായി കണ്ടത്. സൽക്കാരമുണ്ടായിരുന്നെങ്കിലും വയലാർ അന്ന് മദ്യപിച്ചില്ല. അതു നിർത്തിയെന്നാണന്ന് പറഞ്ഞത്. പിന്നീട് ആ മുഖം കാണുന്നത് അദ്ദേഹത്തിന്റെ മൃതദേഹം തിരുവനന്തപുരത്ത് ടൗൺ ഹാളിൽ അല്പസമയം സുഹൃത്തുക്കളുടെ നിർബന്ധംകൊണ്ട് പ്രദർശനത്തിനു വച്ചപ്പോൾ മാത്രം.